Draft #2 of File 89994/EA 2-2/2021/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 25-Jun-2021 07:58 PM - Page 1

YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ആറാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പരീക്ഷാ കമ്മിറ്റി കൺ വീനർ സമർപ്പിച്ച നിർദ്ദേശങ്ങൾ-മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, 10(17) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 2899/EA 2/2021/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 25.06.2021

---

*പരാമർശം:-*ആറാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പരീക്ഷാ കമ്മിറ്റി കൺവീനർ സമർപ്പിച്ചതും, വൈസ് ചാൻസലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985,അദ്ധ്യായം III, 10(17) പ്രകാരം അംഗീകരിച്ചതുമായ നിർദ്ദേശങ്ങൾ.

**ഉത്തരവ്**

2021 ജൂൺ 28 മുതൽ ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബിരുദ പരീക്ഷകളുടെ നടത്തിപ്പ് സംബന്ധിച്ച് പാലിക്കേണ്ട നിർദ്ദേശങ്ങൾ പരാമർശം പ്രകാരം പരീക്ഷാ കമ്മിറ്റി കൺ വീനർ സമർപ്പിച്ചിരുന്നു.

1. പരീക്ഷകൾക്ക് ഹാജരാകുന്ന 2020-'21 അദ്ധ്യയന വർഷത്തെ റെഗുലർ/ പ്രൈവറ്റ് വിദ്യാർത്ഥികൾക്കുള്ള ചോദ്യ പേപ്പറുകളിലെ മാർക്ക് ക്രമീകരണം സംബന്ധിച്ച നിർദേശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. ഈ നിർദേശങ്ങളുടെ പകർപ്പ് ഹാൾടിക്കറ്റിനോടൊപ്പം റെഗുലർ/ പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

2 . **ചോദ്യ പേപ്പറിലെ മാർക്ക് ക്രമീകരണം ഇമ്പ്രൂവ്മെന്റ് / സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ബാധകമല്ലാത്തതിനാൽ** അവർ നിലവിലുള്ള രീതിയിൽ തന്നെ പരീക്ഷ എഴുതുന്നതിനാവശ്യമായ നിർദേശം നൽകേണ്ടതാണ്. എന്നാൽ റെഗുലർ/ പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് ഈ ഇളവുകൾ ബാധകമാണ് . എന്നാൽ പ്രൈവറ്റ് വിദ്യാർത്ഥികൾക്കുള്ള MCQ ചോദ്യപ്പേപ്പറിന് ഈ ഇളവുകൾ ബാധകമല്ല.

**3. ആറാം സെമസ്റ്റർ CBCS റെഗുലർ വിദ്യാർത്ഥികളുടേയും (2018 അഡ്മിഷൻ ) ഇമ്പ്രൂവ്മെന്റ് / സപ്ലിമെന്ററി വിദ്യാർത്ഥികളുടേയും ഉത്തരക്കടലാസുകൾ പ്രത്യേകം പായ്ക്ക് ചെയ്യേണ്ടതാണ്.**

4. മാർക്ക് ക്രമീകരണം സംബന്ധിച്ച മാറ്റങ്ങൾ ഒന്നും തന്നെ ചോദ്യപേപ്പറുകളിൽ സൂചിപ്പിക്കുന്നതല്ല. ചോദ്യപേപ്പറുകൾ നിലവിലുള്ള രീതിയിൽ തന്നെയായിരിക്കും എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കുന്നത് . ആയതിനാൽ റെഗുലർ / പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് മാർക്ക് ക്രമീകരണം സംബന്ധിച്ച നിർദേശകളുടെ പകർപ്പ് നൽകുന്നതിനും പരീക്ഷഹാളിൽ ആയത്

സംബന്ധിച്ച നിർദേശം നൽകുന്നതിനും യാതൊരു കാരണവശാലും വീഴ്ച്ച വരുത്തുവാൻ പാടില്ല.

മേൽ നിർദ്ദേശങ്ങൾ വൈസ് ചാൻസലർ മഹാതമാഗാന്ധി സർവകലാശാല ആക്ട് 1985, അദ്ധ്യായം III, 10(17) പ്രകാരം അംഗീകരിച്ച് ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സോണി എസ് നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജുകളിലെ പ്രിൻസിപ്പൽമാർ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ
4. CE's സെക്ഷൻ
5. എ.ആർ IV / X/ XI / ഡി.ആർ III /ജെ.ആർ I / II (പരീക്ഷ),
6. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

Draft #2 of File 89994/EA 2-2/2021/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 25-Jun-2021 07:58 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #2 of File 89994/EA 2-2/2021/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 25-Jun-2021 07:58 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സർവകലാശാലാ പരീക്ഷകൾക്ക് ഹാജരാകുന്ന **2020 -'21** അദ്ധ്യയന വർഷത്തെ റഗുലർ വിദ്യാർത്ഥികൾക്കുള്ള ചോദ്യപേപ്പറുകളിലെ മാർക്ക് ക്രമീകരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ .

## I UNDER GRADUATE EXAMINATIONS (MAXIMUM MARKS 80)

**PART A**
Total number of questions: Twelve. Answer any **Six** questions. Each question carry 3 marks (6x3=18 marks)

**PART B**
Total number of questions: Nine. Answer any **Four** questions. Each question carry 8 marks (4 x 8=32 marks)

**PART C**
Total number of questions: Four. Students can answer upto three question carries 15 marks each. However , total marks for this section (Part C) should not exceed 30 marks. Marks scored over 30 will be ignored.

## II UNDER GRADUATE EXAMINATIONS WITH PRACTICALS (MAXIMUM MARKS 60)

**PART A**
Total number of questions: Ten. Answer any **Six** questions. Each question carry 2 marks (6x2=12 marks)

**PART B**
Total number of questions: Nine. Answer any **Four** questions. Each question carry 7 marks (4 x 7=28 marks)

**PART C**
Total number of questions: Four. Students can answer upto three questions. Each question carry 10 marks. However , total marks for this section (Part C) should not exceed 20 marks. Marks scored over 20 will be ignored.

മേൽ സൂചനപ്രകാരമുള്ള മാർക്ക് ക്രമീകരണങ്ങൾ 2020 -'21 അദ്ധ്യയന വർഷത്തെ റഗുലർ വിദ്യാർത്ഥികൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇമ്പ്രൂവ്മെൻറ് / സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ഈ മാർക്ക് ക്രമീകരണം അനുവദനീയമല്ല. ഇമ്പ്രൂവ്മെൻറ് / സപ്ലിമെന്ററി വിദ്യാർത്ഥികൾ നിലവിലുള്ള ചോദ്യപേപ്പറിലെ നിബന്ധനകൾ പ്രകാരം പരീക്ഷ എഴുതേണ്ടതാണ്.

അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷ)
പരീക്ഷാ കൺട്രോളർക്ക് വേണ്ടി